"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ, കഴിമ്പ്രം, വി.പി.എം എസ്.എൻ.ഡി.പി എച്ച്.എസ്.എസ് ലെ ജൂനിയർ ഹിന്ദി ടീച്ചറായ ശ്രീമതി. ലേഖ. പി.കെ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4691/2025/GEDN തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. തൃശ്ശൂർ, കഴിമ്പ്രം, വി.പി.എം എസ്.എൻ.ഡി.പി എച്ച്.എസ്.എസ് ലെ ജൂനിയർ ഹിന്ദി ടീച്ചറായ ശ്രീമതി. ലേഖ. പി.കെ സമർപ്പിച്ച 06/07/2024 ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/02/2025 തീയതിയിലെ ഡിജിഇ/17349/2024-ഇ3 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ, കഴിമ്പ്രം, വി.പി.എം എസ്.എൻ.ഡി.പി എച്ച്.എസ്.എസ് ലെ ജൂനിയർ ഹിന്ദി ടീച്ചറായ ശ്രീമതി. ലേഖ. പി.കെ, 31/05/2014 നും 02/06/2014 നും ഇടയ്ക്കുള്ള ഒരു ദിവസത്തെ (01/06/2014) സേവനഭംഗം ഒഴിവാക്കി, അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) അപേക്ഷ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിൽ വരുന്ന പെരുമ്പടപ്പ ഈസ്റ്റ് യു പി സ്കൂളിലെ പാർട്ട് ടൈം ലാംഗ്വേജ് അധ്യാപകനായിരുന്ന ശ്രീ. വി.ജെ വെങ്കിടേശ്വരത്തെ ഫുൾ ടൈം ലാംഗ്വേജ് അധ്യാപകനായി താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി പി കെ ലേഖയെ 04/10/1999 മുതൽ 31/03/2000 വരെ മാനേജർ താൽക്കാലികമായി പാർട്ട് ടൈം ലാംഗ്വേജ് ഹിന്ദി അധ്യാപികയായി സ്കെയിൽ ഓഫ് പേയിൽ നിയമിക്കുകയും വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ വെങ്കിടേശ്വരനെ 09/06/2004 മുതൽ വീണ്ടും ഫുൾ ടൈം ലാംഗ്വേജ് ഹിന്ദി അധ്യാപകനായി പ്രൊമോട്ട് ചെയ്ത് കഴിമ്പ്രം വി പി എം എസ് എൻ ഡി പി എച്ച് എസ് എസിൽ നിയമിച്ചപ്പോൾ ടിയാന്റെ പ്രൊമോഷൻ തസ്തികയിൽ പാർട്ട് ടൈം ലാഗ്വേജ് ഹിന്ദി അധ്യാപികയായി ശ്രീമതി പി കെ ലേഖയ്ക്ക് 09/06/2004 മുതൽ 31/03/2009 വരെ പുനർനിയമനം നൽകുകയുണ്ടായി. ഈ നിയമനവും വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നു. പിന്നീട് 01/06/2004 മുതൽ 31/05/2009 വരെ ശൂന്യവേതനാവധിയിലായിരുന്ന ശ്രീമതി ടി കെ സുദർശനയുടെ (ഫുൾ ടൈം ജൂനിയർ ഹിന്ദി ടീച്ചർ, വി പി എം എസ് എൻ ഡി പി എച്ച് എസ് എസ് കഴിമ്പ്രം)

വേക്കൻസിയിൽ 09/06/2004 മുതൽ 31/05/2009 വരെ ഫുൾ ടൈം ഹിന്ദി ടീച്ചറായി നിയമിച്ചിരുന്ന ശ്രീമതി ഇ പി സിന്ധുമോളെ അതേ സ്കൂളിൽ തന്നെ ഹൈസ്കൂൾ വിഭാഗം ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി കെ ബി പ്രേമവല്ലി 31/03/2005 ന് റിട്ടയർ ചെയ്ത ഒഴിവിൽ 15/07/2005 മുതൽ എച്ച്.എസ്.ടി ഹിന്ദി തസ്തികയിൽ സ്ഥിരപ്പെട്ടുത്തുകയുണ്ടായി. അതോടെ ശ്രീമതി സുദർശനയുടെ ശൂന്യവേതനാവധി തസ്തിക 15/07/2005 മുതൽ വീണ്ടും ഒഴിവായി. ശ്രീമതി പി കെ ലേഖയെക്കാൾ സീനിയർ അവകാശികൾ ആരുമില്ലാതിരുന്ന സാഹചര്യത്തിൽ ശ്രീ വെങ്കിടശ്വരന്റെ പ്രൊമോഷൻ തസ്തികയിൽ പകരക്കാരിയായി പാർട്ട് ടൈം ലാംഗ്വേജ് ഹിന്ദി ടീച്ചറായി 09/06/2004 മുതൽ 31/03/2009 വരെ താൽക്കാലിക നിയമനം നൽകിയിരുന്ന ശ്രീമതി പി കെ ലേഖയെ 15/07/2005 മുതൽ 31.03.2009 വരെ ശ്രീമതി സുദർശനയുടെ അവധി വേക്കൻസിയിൽ ഫുൾടൈം ലാംഗ്വേജ് ഹിന്ദി പോസ്റ്റിൽ പ്രൊമോഷൻ നൽകി നിയമിച്ചു. ഈ നിയമനത്തിനും ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരുന്നു.

3) കഴിമ്പ്രം വി പി എം എസ് എൻ ഡി പി എച്ച് എസ് സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെ മറ്റൊരു ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി വിമല റിട്ടയർ ചെയ്ത വേക്കൻസിയിൽ ശ്രീമതി എസ് ബീനയെ (ഫുൾടൈം എൽ ജി ഹിന്ദി) പ്രൊമോട്ട് ചെയ്ത് എച്ച് എസ് ടി ഹിന്ദി തസ്തികയിൽ നിയമിച്ചപ്പോളുണ്ടായ ഫുൾ ടൈം ലാംഗ്വേജ് ഹിന്ദിയുടെ സ്ഥിരം വേക്കൻസിയിൽ പെരുമ്പടപ്പ ഈസ്റ്റ് യു പി സ്കൂളിലെ പാർട്ട് ടൈം ലാംഗ്വേജ് ഹിന്ദി അധ്യാപകനായിരുന്ന ശ്രീ വെങ്കിടേശ്വരന് നിയമാനുസൃതം 06/2004 മുതൽ സ്ഥാനക്കയറ്റം നൽകിയപ്പോൾ വന്ന പാർട്ട് ടൈം റെഗുലർ വേക്കൻസിയിലേക്ക് ശ്രീമതി പി കെ ലേഖയ്ക്ക് സ്ഥിരം നിയമനത്തിന് അർഹതയുണ്ടായിരുന്നെങ്കിലും ടിയാൾ ശ്രീമതി സുദർശനയുടെ ശൂന്യവേതനാവധിയിൽ ഫുൾ ടൈം പോസ്റ്റിൽ താൽക്കാലികമായി 15/07/2005 മുതൽ 31/03/2009 വരെ നിയമിക്കപ്പെട്ടപ്പോൾ ലോവർ പോസ്റ്റിൽ ടിയാളെ റിവേർട്ട് ചെയ്ത് പാർട്ട് ടൈം ടീച്ചറായി നിയമനം നൽകുന്നത് നിയമാനുസൃതം ശരിയല്ലാത്തതിനാൽ ഫുൾ ടൈം പോസ്റ്റിൽ തുടരാൻ അനുവദിക്കുകയായിരുന്നു. ഫുൾ ടൈം പോസ്റ്റിലെ നിയമനത്തിന് 31/03/2009 വരെ മാത്രമേ അംഗീകാരമുണ്ടായിരുന്നു എന്നുള്ളതിനാൽ അവർക്ക് നിയമാനുസൃതം അർഹതപ്പെട്ട, പെരുമ്പടപ്പ ഈസ്റ്റ് യു പി സ്കൂളിലെ ശ്രീ വെങ്കിടേശ്വരൻ സ്ഥാനക്കയറ്റ ഒഴിവായ പാർട്ട് ടൈം റഗുലർ ഒഴിവിലേയ്ക്ക് 01/04/2009 മുതൽ റിവേർട്ട് ചെയ്ത് മാനേജർ ഉത്തരവ് നൽകി. 01/04/2009 മുതൽ 31/05/2009 വരെയുള്ള കാലയളവ് സേവനഭംഗം വരാതെ ക്രമീകരിക്കുന്നതിന് ടിയാൾ നൽകിയ അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പരിഗണിച്ച് ഉത്തരവാകുകയും തുടർന്ന് ശ്രീമതി ടി.കെ സുദർശനയുടെ ശൂന്യവേതനാവധി വീണ്ടും അഞ്ച് വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചപ്പോൾ ശ്രീമതി ടി കെ ലേഖയുടെ നിയമനവും 01/06/2009 മുതൽ 31/05/2014 വരെ അനുവദിച്ച് ഉത്തരവാകുകയുണ്ടായെന്നും ശ്രീ വെങ്കിടേശ്വരന്റെ പ്രമോഷൻ നിയമന കാലാവധി 31/05/2014 ന് അവസാനിച്ചതിനാൽ 01/06/2014 മുതൽ മാനേജർ, ടിയാളെ പെരുമ്പടപ്പ ഈസ്റ്റ് യു പി സ്കൂളിൽ പാർട്ട് ടൈം ലാംഗ്വേജ് ഹിന്ദി തസ്തികയിൽ തിരികെ നിയമിക്കുകയുണ്ടായെങ്കിലും ആയത് 02.06.2014 മുതൽ മാത്രമാണ് വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4) ശ്രീമതി പി കെ ലേഖക്ക് 09.06.2004 മുതൽ 31.05.2014 വരെ വിവിധ ഒഴിവുകളിൽ അംഗീകൃത സേവനമുണ്ട്. അതിനു ശേഷം 01.06.2014 മുതൽ വീണ്ടും നിയമനം നൽകിയെങ്കിലും,

പ്രസ്തുത അധ്യയന വർഷം 02.06.2014 മുതൽ ആണ് സ്കൂളുകൾ തുറന്ന് പ്രവർത്തിച്ചത് എന്ന കാരണത്താൽ, മേൽ തിയതി മുതൽ മാത്രമേ നിയമനം അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. ആയതിനാൽ, 01.06.2014 എന്ന ദിവസം സേവനഭംഗം ആയി കണക്കാക്കി, തന്റെ സേവന ആനുകൂല്യങ്ങളിൽ ഗണ്യമായ നഷ്ടം സംഭവിക്കുന്നു എന്ന് ശ്രീമതി ലേഖ പരാമർശിക്കുന്നു. സേവനഭംഗം ഇല്ലാതെ തന്നെ മാനേജർ നിയമിച്ചു എങ്കിലും, സ്കൂൾ തുറക്കാത്തത് കാരണം സംഭവിച്ച പരാമർശിത സേവനഭംഗം ഒഴിവാക്കി, 01.06.2014 അർഹതപ്പെട്ട അവധിയായി ക്രമീകരിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുമുണ്ട്.

5) മേൽ സാഹചര്യത്തിൽ ശ്രീമതി പി കെ ലേഖക്ക് 31/5/2014 വരെ വിവിധ ഒഴിവുകളിലെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ 01.06.2014 ന് ഒഴിവ് വ്യവസ്ഥാപിതമാണെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തതിരിക്കുന്നത് പ്രകാരം സേവനഭംഗം ഒഴിവാക്കി, 01.06.2014 അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുവാനുള്ള നിർദ്ദേശം വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) അപേക്ഷ തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വലപ്പാട്.
ജനറൽ മാനേജർ, എസ്.എൻ.ഡി.പി യോഗം സ്കൂൾസ്, കൊല്ലം - 691001
ശ്രീമതി. ലേഖ പി.കെ, ജൂനിയർ ഹിന്ദി ടീച്ചർ, വി.പി.എം എസ്.എൻ.ഡി.പി എച്ച്.എസ്.എസ്, കഴിമ്പ്രം, തൃശ്ശൂർ - 680568
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 16-07-2025 17:00:48
സെക്ഷൻ ഓഫീസർ